# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ജില്ല :കണ്ണൂർ**

**ബ്ലോക്ക് :കല്ല്യാശ്ശേരി**

**പഞ്ചായത്ത്:കണ്ണപുരം**

വാർഡ് :കണ്ണപുരം ടൌൺ (2)


**റിപ്പോർട്ട് തയ്യാറാക്കിയത്**

**ഷൈനി വി**

**സിന്ധു**

**രസികമോഹൻ**

**കല്ല്യാശ്ശേരി വില്ലേജ് റിസോഴ്സ് പേഴസൻമഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSAK)**


# ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | |
| 2 | ഉള്ളടക്കം | |
| 3 | ആമുഖം | |
| 4 | പഞ്ചായത്ത് ഭൂപടം | |
| 5 | വാർഡ് ഭൂപടം | |
| 6 | ഗ്രാമപഞ്ചായത്ത്,വാർഡ് പൊതു വിവരങ്ങൾ | |
| 7 | ഗ്രാമപഞ്ചായത്ത്,വാർഡ് തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ | |
| 8 | സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ | |
| 9 | അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ | |
| 10 | ഫീൽഡ് പരിശോധന വിശദാംശങ്ങൾ,കടമകൾ | |
| 11 | രെജിസ്റ്ററുകൾ, പ്രവർത്തി ഫയൽ പരിശോധന വിശദാംശങ്ങൾ | |


| | | |
|---|---|---|
| 12 | കണ്ടെത്തലുകൾ, നിർദേശങ്ങൾ | |

**ആമുഖം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും സാമൂഹിക ആസ്തിയുടെ നിർമ്മാണത്തിനും സഹായകമായിട്ടുള്ള ഒരു കേന്ദ്രവിഷ്കൃത പദ്ധതിയാണ് .2005 സെപ്തംബർ അഞ്ചിന് നിലവിൽ വന്ന തൊഴിലുറപ്പ് നിയമത്തിനെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത് . സമൂഹത്തിൽ പിന്നോക്കംനിൽക്കുന്നവരുടെയും ദാരിദ്രം അനുഭവിക്കുന്നവരെയും കൈപിടിച്ചുയർത്തുവാനും അതുവഴി ഗ്രാമീണ സമ്പത് വ്യവസ്ഥയുടെ മുഖഛായ മാറ്റാനും ഈ പദ്ധതി ലക്ഷ്യമിടുന്നു .ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും മറ്റ് തൊഴിലുകൾ നഷ്ടമാകാതെ അധികമായി നൂറ് ദിവസത്തെ അവിദക്ത കായിക തൊഴിൽ ഉറപ്പാക്കുക എന്നതിലൂടെ ജനങ്ങളുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുകയെന്നതാണ് ഇതിന്റെ അടിസ്ഥാന ലക്ഷ്യം .തൊഴിലുറപ്പ് പദ്ധതി അവകാശാധിഷ്ഠിതവും അവശ്യാധിഷ്ഠിതവുമായ പദ്ധതിയാണ് .തൊഴിലുറപ്പ് പദ്ധതിയുടെ മറ്റ് പ്രധാന ലക്ഷ്യങ്ങൾ പ്രകൃതി വിഭവ പരിപാലനവും അതിലൂടെ ഓരോ പ്രാദേശത്തിന്റെയും വിഭവ അടിത്തറ ശക്തമാക്കുക, വരൾച്ച, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വന നശീകരണം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, ഉല്പാദന പരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര ലഘൂകരണം സുസ്ഥിരമാക്കുക, തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യധാരയിലേക്ക് സ്ത്രീകളെ സംഘമായി കൊണ്ടുവരുന്നതിനും അവരുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണം ഉറപ്പാക്കുക എന്നിവയുമാണ്.




വാർഡ് 2
കണ്ണാപുരം ടൌ ൺ



കണ്ണപുരം ഗ്രാമപഞ്ചായത്ത്
ഭൂപടം
Cherukunnu
WARD I
WARD II
WARD III
WARD IV
WARD V
WARD VI
WARD VII
WARD VIII
WARD IX
WARD X
WARD XI
WARD XII
WARD XIII
WARD XIV
Paliyath Valappu
Vallithode
Kannapuram
വിവിധ വാർഡുകൾ
I അമ്പലപ്പുറം
II കണ്ണപുരം ടൗൺ
III കണ്ണപുരം സെൻട്രൽ
IV ചുണ്ട വയൽ
V ചുണ്ട
VI കയറ്റീൽ
VII കീഴറ
VIII ചെമ്മരവയൽ
IX മൊട്ടമ്മൽ
X തൃക്കോത്ത്
XI കണ്ണപുരം സൗത്ത്
XII ഇടക്കേപ്പുറം കിഴക്ക്
XIII ഇടക്കേപ്പുറം തെക്ക്
XIV അയ്യോത്ത്

## കണ്ണപുരം  പഞ്ചായത്ത് പൊതു വിവരങ്ങൾ

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ ഉൾപ്പെട്ട കല്യാശ്ശേരി ബ്ലോക്കിലാണ് കണ്ണപുരം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത് .

| | |
|---|---|
| ജില്ല | കണ്ണൂർ |
| വിസ്തീർണ്ണം | 14.39 ച.കി.മീ. |
| വില്ലേജ് | കണ്ണപുരം |
| ബ്ലോക്ക് പഞ്ചായത്ത് | കല്യാശ്ശേരി |
| താലൂക്ക് | കണ്ണൂർ |
| നിയമസഭാ മണ്ഡലം | കല്യാശ്ശേരി |
| പാർലമെന്റ് മണ്ഡലം | കാസർഗോഡ് |
| ആകെ വാർഡുകൾ | 14 |
| ജനസംഖ്യ | 18459 |
| സത്രീകൾ | 10239 |
| പുരുഷന്മാർ | 8220 |

## അതിരുകൾ

വടക്ക്  **:** ചെറുകുന്ന്  ഗ്രാമപ്പഞ്ചായത്ത്

തെക്ക്  :കല്ല്യാശ്ശേരി ഗ്രാമപ്പഞ്ചായത്ത്

കിഴക്ക്  :ആന്തൂർ നഗരസഭ

പടിഞ്ഞാറ് **:**മാട്ടൂൽ  ഗ്രാമപ്പഞ്ചായത്ത്

## പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

ആകെ തൊഴിൽ കാർഡ്: 1789

ആകെ തൊഴിലാളികൾ :1965

ആക്ടീവ് തൊഴിൽ കാർഡ്:673

ആക്ടീവ് തൊഴിലാളികൾ :745

കഴിഞ്ഞ വർഷം പഞ്ചായത്തിൽ നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ :134

ആകെ തൊഴിൽ ദിനങ്ങൾ:31570

ആകെ ചിലവായ തുക :91.51ലക്ഷം

## വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

ആകെ തൊഴിൽ കാർഡ് :172

ആകെ തൊഴിലാളികൾ :

കഴിഞ്ഞ വർഷം വാർഡിൽ നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ :0

## സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

| പ്രവർത്തിയുടെ പേരും പ്രവർത്തി കോഡും | മസ്റ്റ്റോൾ നമ്പർ | പ്രവർത്തി ആരംഭിച്ച തീയ്യതി | പ്രവർത്തി അവസാനിച്ച തീയ്യതി | തൊഴിൽ ദിനങ്ങൾ | ചിലവായ തുക |
|---|---|---|---|---|---|
| വാർഡ് രണ്ട് മണ്ണ് ജല സംരക്ഷണം | 8231<br>8232<br>8233<br>8234<br>8235<br>8236<br>9107<br>9108<br>9109<br>9110<br>9111<br>9112<br>9838<br>9839<br>9840<br>9841<br>9842<br>9843<br>10623<br>10624<br>10625<br>10626<br>10627<br>10628<br>11291<br>11292<br>11293 | 12/02/18 | 14/12/19 | 761 | 2,10,036 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതക്ക് തൊഴിൽ നൽകുന്നതോടൊപ്പം അവരുടെ പത്ത് അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു .സോഷ്യൽ ഓഡിറ്റിലൂടെ പ്രവർത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്ത് അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും വിലയിരുത്തുന്നു.

## തൊഴിൽ കാർഡ് സംബന്ധിച്ച്

തൊഴിൽ കാര്ഡ് ഒരു ആധികാരിക രേഖയാണ് . മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ നിയമത്തിലെ ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകുന്ന കുടുംബങ്ങൾക്ക് 15 ദിവസത്തിന്നകം തികച്ചും സൌജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു .കൂടാതെ ക്ര്യിത്യമായ എടവേളകളിൽ തൊഴിൽകാര്ഡ് സൌജന്യമായി പുതുക്കി നല്കേണ്ടതാണ് .

- കണ്ണപുരം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ തൊഴിലാളികളെല്ലാം കാർഡ് സ്വന്തം കൈയ്യിൽ സൂക്ഷിക്കുന്നവരാണെന്ന് മനസിലാക്കാൻ സാധിച്ചു .എന്നാൽ സൌജന്യമായി ലഭ്യമാക്കേണ്ട തൊഴിൽ കാർഡിന് ഫോട്ടോ തൊഴിലാളികൾ തന്നെ എടുക്കേണ്ടി വന്നു .

## തൊഴിൽ ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു വർഷം 100തൊഴിൽ ദിനങ്ങൾ ഉറപ്പ് തരുന്നു .ആയതിനാൽ തൊഴിൽ കാർഡുള്ള ഏതൊരാള്ക്കും തൊഴിൽ

ആവശ്യപ്പെടാനും ഇതുമായി ബന്ധപ്പെട്ടുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാകാനുമുള്ള അവകാശമുണ്ട്.

- രണ്ടാം വാർഡിൽ രേഖാമൂലം തൊഴിൽ ആവശ്യപ്പെടാറില്ലെന്നാണ് അറിയുവാൻ കഴിഞ്ഞത്.

## **തൊഴിൽ അനുവദിക്കുന്നത് സംബന്ധിച്ച്**

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെട്ട് കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം തൊഴിൽ നല്കിയിരിക്കണമെന്നാണ് വ്യവസ്ഥ .ഇല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അർഹത ഓരോ തൊഴിലാളിക്കുമുണ്ട്.

- രണ്ടാം വാർഡിൽ തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ ലഭിക്കുന്നില്ല എന്നാണ് അറിയുവാൻ കഴിഞ്ഞത് .കഴിഞ്ഞ സാമ്പത്തിക വർഷം ആർക്കും യായിട്ടില്ലപൂർത്തി ദിനങ്ങൾ തൊഴിൽ 100.

## **തൊഴിലില്ലായിമ വേതനം** :

തൊഴിലുറപ്പ് പദ്ധതിയിൽ ആവിശ്യപ്പെട്ടു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം തൊഴിൽ നല്കിയിരിക്കണമെന്നാണ് വ്യവസ്ഥ .അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ട്.

വാർഡിലെ തൊഴിലാളികൾ ആരും തൊഴിലില്ലായിമ്മ വേതനത്തിനു അപേക്ഷിച്ചിട്ടില

## **ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്**

തൊഴിലാളികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുവാനും പ്രവർത്തികൾ നിർദ്ദേശിക്കുവാനും ഈ പ്രവർത്തികൾ ഷെൾഫ് ഓഫ് പ്രൊജക്ടിൽ ഉൾപ്പെടുത്തുവാനും തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്യുന്നു.

- രണ്ടാം വാർഡിൽ തൊഴിലാളികൾ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഷെല്ഫ് ഓഫ് പ്രൊജെക്ടിൽ ഉൾപ്പെടുത്താറുണ്ട് .

## അഞ്ച് കിലോമീറ്റർ പരിധിയിൽ പ്രവർത്തി ചെയ്യുന്നത് സംബന്ധിച്ച്

അവരവരുടെ താമസ സ്ഥലത്തുനിന്നും അഞ്ച് കിലോ മീറ്റർ പരിധിയിൽ ജോലി ലഭിക്കുന്നതിന് മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട് .അഞ്ച് കിലോ മീറ്റർ പരിധി കഴിഞ്ഞ് പ്രവർത്തി ചെയ്യുകയാണെങ്കിൽ കൂലിയുടെ 10ശതമാനം യാത്ര ബത്ത ലഭിക്കുന്നതിനും മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്.

- രണ്ടാം വാർഡിൽ തൊഴിലാളികൾ അഞ്ച് കിലോമീറ്റർ പരിധിയിൽ മാത്രമാണ് പ്രവർത്തി ചെയ്തിട്ടുള്ളതെന്നാണ് അറിയുവാൻ കഴിഞ്ഞത് .

## വേതനം ലഭിക്കുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് പദ്ധതിയിലെ സെക്ഷൻ 3(2) പ്രകാരം പണി ചെയ്തുകഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭിക്കേണ്ടതാണ് .ഇല്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹത ഉണ്ട്.

- രണ്ടാം വാർഡിൽ പണി എടുത്ത മുഴുവൻ തൊഴിലാളികൾക്കും ഇപ്പോൾ സമയബന്ധിതമായി കൂലി ലഭിക്കുന്നുണ്ടെന്ന് എം.ഐ.എസ് പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു .

## പ്രവർത്തി സ്ഥലത്ത് ലഭ്യമാക്കേണ്ട സൌകര്യങ്ങൾ

തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം പ്രവർത്തി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം, തണൽ എന്നീ സൌകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

- രണ്ടാം വാർഡിൽ പ്രഥമ ശിശ്രൂഷ കിറ്റ് പ്രവർത്തി സ്ഥലത്തു ഉണ്ടാകാറുണ്ടെന്നും കുടിവെള്ളത്തിനുള്ള പാത്രവും തണൽ സൌകര്യത്തിനുള ടാർപോളിൻ ഷീറ്റും ലഭിക്കാറില്ലയെന്നും അറിയാൻ സാധിച്ചു .

## പദ്ധതി ആരംഭ മീറ്റിങ് , ഗ്രാമസഭ സംബന്ധിച്ച്

തൊഴിലുറപ്പ് നിയമം ഷെഡ്യൂള് 22പ്രകാരം ഒരു പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തിയെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥൻ എന്നിവരുടെ സാന്നിധ്യത്തിൽ പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചേർക്കേണ്ടതുണ്ട് .

- രണ്ടാം വാർഡിൽ പ്രവർത്തി തുടങ്ങുന്നതിന് മുൻപ് പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചേർക്കാറുണ്ടെന്നും പ്രവൃത്തിയെക്കുറിച്ച് ബോ ധ്യപ്പെടാറുണ്ടെന്നും മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ടത്..

## തൊഴിലിടങ്ങളിലുണ്ടാക്കുന്ന അപകടങ്ങൾ സംബന്ധിച്ച്

തൊഴിലാളികൾക്ക് പണി സ്ഥലത്തു വെച്ച് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ചികിൽസക്ക് ആവശ്യമായി വരുന്ന മുഴുവൻ ചിലവുകളും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തൊഴിലാളിക്ക് ലഭ്യമാക്കേണ്ടുന്ന നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിക്കേണ്ടതാണ് . ഇതുകൂടാതെ തൊഴിലിടങ്ങളിൽ വെച്ച് മരണം സംഭവിക്കുകയാണെങ്കിൽ 25000/- രൂപയും തൊഴിലാളിയുടെ കുടുംബത്തിന് ലഭിക്കേണ്ടതാണ് .

- രണ്ടാം വാർഡിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തിയിൽ ഏർപ്പെട്ട ഓമന വി തൊഴിൽ കാർഡ് നമ്പർ KL-02-004-005 002/32 ,എന്നെയാൾക്ക് 2018-19 കാലയളവിൽ അപകടമുണ്ടായി .ചികിസയുമായി ബണ്ടപ്പെട്ട ബില്ല് ഹാജരാക്കിയെങ്കിലും നിർവഹന ഏജൻസിയുടെ ഭാഗത്ത് നിന്ന് ഒരു നടപടിയും ഉണ്ടായില്ലെന്ന് അറിയാൻ സാധിച്ചു .ഇത് അവകാശ നിഷേധമായി കണക്കാക്കുന്നു

## സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ്

പ്രവർത്തി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ അടങ്ങിയ ഒരു സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്

- .രണ്ടാം വാർഡിൽ സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല . .

## മസ്റ്റർ റോൾ

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്ന ഔദ്യോഗിക രേഖയാണ് മസ്റ്റർ റോൾ .പണി ചെയ്യുന്ന ദിവസം രണ്ട് തവണ ഇതിൽ ഒപ്പ് വെക്കേണ്ടതാണ് .മസ്റ്റർ റോളിൽ ഒപ്പ് വെച്ചതിന് ശേഷം തൊഴിലാളികൾ പ്രവർത്തി സ്ഥലത്തു തന്നെ ഉണ്ടായിരിക്കണം .അതുപോലെ തന്നെ ഇതിൽ യാതൊരു വെട്ടിത്തിരുത്തലുകളും ഉണ്ടാകുവാൻ പാടുള്ളതല്ല.

- രണ്ടാം വാർഡിലെ മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ കാണാൻ സാധിച്ചു .[മാസ്റ്റർ റോൾ നമ്പർ 9840] മാസ്റ്റർ റോൾ നമ്പർ 8234 ൽ ഷാർപ്പണിങ് ചാർജ് കോളത്തിൽ ചുവന്ന മഷി പേന കൊണ്ട് വെട്ടിയിട്ടുണ്ട് .ഇതൊരു തെറ്റായ പ്രവണതയാണ് .

## മേറ്റ്

തൊഴിലുറപ്പ് പ്രവർത്തിയുടെ മേൽനോട്ടം, തൊഴിൽ കാർഡ്, സൈറ്റ് ഡയറി, മസ്റ്റർ റോൾ എന്നിവ കൃത്യമായി പൂരിപ്പിക്കൽ, തൊഴിലാളികളുടെ ഹാജർ ഉറപ്പ് വരുത്തുക, ലീവ് മാർക്ക് ചെയ്യുക, പണി സ്ഥലത്ത് വേണ്ട സൌകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പ് വരുത്തൽ എന്നിവയാണ് മേറ്റുമാരുടെ ചുമതലകൾ .നിയമ പ്രകാരം പതിനഞ്ച് ദിവസം കഴിയുമ്പോൾ പുതിയ മേറ്റിനെ തിരഞ്ഞെടുക്കാവുന്നതാണ്.

രണ്ടാം വാർഡിലെ മേറ്റ് രോഹിണിയാണ് . മെറ്റുമാരകൻ ആരും തയ്യാറായി മുന്നോട്ട് വരുന്നില്ലെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

## ജാഗ്രത മേൽനോട്ട സമിതി

തൊഴിലുറപ്പ് പ്രവർത്തി കൃത്യമായി നിരീക്ഷിക്കുന്നതിനും പദ്ധതി കാര്യക്ഷമമാക്കുന്നതിനും വാർഡ് തലത്തിൽ ജാഗ്രത മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുണ്ട് .ജാഗ്രത മേൽനോട്ട സമിതിയിലെ അംഗങ്ങൾ പ്രവർത്തി സ്ഥലം സന്ദർശിക്കാറുണ്ടെന്നാണ് മേറ്റും തൊഴിലാളികളും അഭിപ്രായപ്പെട്ടു .ജാഗ്രത മേൽനോട്ട സമിതിയിലെ അംഗങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. എ വി പ്രഭാകരൻ [ കൺവീനർ ,വാർഡ് വികസന സമിതി ]
2. ലജിത കെ സി [വാർഡ് മെമ്പർ ]

3. എസ്എഎൻജിഇഇടിഎച്ച്എ എം കെ [സി ഡി എസ് മെമ്പർ ]
4. ശോഭന വി പി
5. ശ്രീലത പി [എ ഡി എസ് ]
6. പരമേശ്വരൻ
7. രാഘവൻ എം വി

## സുരക്ഷ മാർഗങ്ങൾ

തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി പ്രവൃത്തി ചെയ്യുമ്പോൾ ഷൂസും കയ്യുറയും ലഭ്യമാക്കേണ്ടതാണ്. ഇത് നിർവ്വഹണ ഏജൻസി യുടെ ചുമതലയാണ്.

സുരക്ഷാ മാർഗ്ഗങ്ങൾ കിട്ടിയില്ലെന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്.

## പരാതി പരിഹാരം

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ9 പ്രകാരം ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കേണ്ടതാണ്. പരാതകൾ ഫോൺ മുഖേനയോ രേഖാമൂലമോ ഇ മെയിൽ വഴിയോ നൽകാവുന്നതാണ്.

എന്നാൽ ഇതുവരെ പരാതികളൊന്നും നൽകിട്ടില്ലെന്ന് അറിയൻ സാധിച്ചു.

**ടോൾ ഫ്രീ നമ്പർ കണ്ണൂർ :18004250143**

**ടോൾ ഫ്രീ നമ്പർ സംസ്ഥാന മിഷൻ :18004251004**

## റോസ് ഗാർ ദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതുമായി ഈ ദിനം ഓരോ പഞ്ചായത്തിലും നടത്തേണ്താണ്. കണ്ണപുരം പഞ്ചായത്തിൽ റോസ്ഗാർ ദിനം ആചരിച്ചിട്ടുണ്ടെന്ന് അറിയാൻ സാധിച്ചു.

**തൊഴിലാളികളുടെ കടമകൾ**

- കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി സമയക്രമം പാലിക്കുക(9 -5).
- ഏർപ്പെടുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- പ്രവൃത്തി ആരംഭ മീറ്റിംഗിൽ പങ്കെടുക്കുകയും പ്രവൃത്തികളെക്കുറിച്ച് കൃത്യതയോടെ മനസ്സിലാക്കുകയും ചെയ്യുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുൻപും അവസാനിക്കുന്നതിനു മുൻപും മസ്റ്റർ റോളിൽ ഒപ്പ് വയ്ക്കുക.
- തൊഴിൽലുറപ്പ് ഗ്രാമസഭയിൽ പങ്കെടുക്കുക.

# ഫീൽഡ് തല പരിശോധന

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | ഏം . ബുക്ക് പ്രകാരമുള്ള അളവ് | ഫീൽഡ് പരിശോധിച്ചപ്പോൾ ലഭിച്ച അളവ് | റിമാർക്ക്സ് |
|---|---|---|---|---|
| വാർഡ് രണ്ട് മണ്ണ് ജല സംരക്ഷണം | EARTH WORK 23721.00 sqm | 23378.3 $M^2$ | 23378.3 $M^2$ | താഴ്ന്ന പ്രദേശമായതിനാൽ വെള്ളം കയറി |

| | | | | |
|---|---|---|---|---|
| ഭാഗം 1<br><br>Wc/330801 | | | | നശിച്ചിരിക്കുന്നു. |

## പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ

### തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽ കാർഡിനുള്ള അപേക്ഷ, കാർഡ് അനുവദിച്ചുള്ള വിവരങ്ങൾ, എന്നിവ രേഖപെടുത്തുന്നതിനുള്ള രജിസ്റ്ററാണ് തൊഴിൽ കാർഡ് രജിസ്റ്റർ. പ്രസ്തുത വിവരങ്ങൾ യഥാസമയം രേഖപെടുത്തി സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. അതിൽ തൊഴിൽ കാർഡ് നമ്പർ, തൊഴിൽ കാർഡ് വിതരണം ചെയ്ത ദിവസം ഉണ്ടായിരുന്നു .

### 1. ഗ്രാമസഭ രജിസ്റ്റർ

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ, യോഗങ്ങൾ തുടങ്ങിയവ രേഖപെടുത്തുന്നതിന് വാർഡ് തലത്തിൽ പ്രത്യേക ഗ്രാമസഭ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചു.

### 2. തൊഴിൽ അപേക്ഷ രജിസ്റ്റർ

തൊഴിൽ ആവശ്യപ്പെട്ടു ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങളും അതു പ്രകാരം അവർക്ക് തൊഴിൽ അനുവദിച്ചതിൻ്റെ വിവരങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപെടുത്തേണ്ടതാണ്.

ഓഡിറ്റ് കാലയളവിലെ വിവരങ്ങൾ രേഖപെടുത്തിയ പ്രസ്തുത പരിശോധനയ്ക്ക് ലഭിച്ചു.അതിൽ 2018-19 കാലഘട്ടത്തിൽ തൊഴിൽ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ കാണാൻ സാധിച്ചു. അപേക്ഷകൻ്റെ പേര്, അപേക്ഷിച്ച ദിവസം, ദിവസങ്ങളുടെ എണ്ണം എന്നിവ കൊടുത്തിട്ടുണ്ട്.

### 3. പ്രവൃത്തി രജിസ്റ്റർ

തൊഴിലോറപ്പിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ യഥാസമയം പ്രസ്തുത രജിസ്റ്ററിൽ രേഖപെടുത്തേണ്ടതാണ്.

ഓഡിറ്റ് കാലയളവിലുള്ള വിവരങ്ങൾ രേഖപെടുത്തിയ പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പേര് ,കോഡ്,പ്രവൃത്തി തുടങ്ങിയ ദിവസം എന്നിവ കൊടുത്തിട്ടുണ്ട്.

4. **ആസ്തി രജിസ്റ്റർ**

തൊഴിലുറപ്പ് പദ്ധതിയിലൂടെ സൃഷ്ടിച്ചുള്ള ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ, സ്ഥലം, ആസ്തിയുടെ സ്വഭാവം നിലനിർത്തുന്ന കാലയളവ് , തുടങ്ങിയവ പ്രസ്തുത രജിസ്റ്ററിൽ രേഖപെടുത്തേ ആസ്തി രജിസ്റ്റർ

തൊഴിലുറപ്പ് പദ്ധതിയിലൂടെ സൃഷ്ടിച്ചുള്ള ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ, സ്ഥലം, ആസ്തിയുടെ സ്വഭാവം നിലനിർത്തുന്ന കാലയളവ് , തുടങ്ങിയവ പ്രസ്തുത രജിസ്റ്ററിൽ രേഖപെടുത്തേണ്ടതാണ്.

പ്രസ്തുത രജിസ്റ്ററിൽ ആസ്തിയുടെ വിവരങ്ങളും കൂടാതെ പ്രവൃത്തിയുടെ പേര്, കോഡ്, ചെലവ്, പ്രവൃത്തി പൂർത്തീകരിച്ച ദിവസം എന്നിവ കാണാൻ സാധിച്ചു.

5. **പരാതി രജിസ്റ്റർ**

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഏത് പരാതിയും വാക്കാലോ രേഖാമൂലമോ ലഭിക്കുകയാണെങ്കിൽ നിർവ്വഹണ ഏജൻസി പരാതി രജിസ്റ്ററിൽ രേഖപെടുത്തുകയും നിർബന്ധമായും കൈപ്പറ്റ് രസീത് പരാതിക്കാരന് നൽകുകയും വേണം. പരാതിയുടെ തുടർ നടപടികളും കൃത്യമായി രജിസ്റ്ററിൽ രേഖപെടുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷവും രജിസ്റ്റർ ക്ലോസ്സ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും തുടർ കാലയളവിലേക്ക് അംഗീകരിക്കുകയും വേണ്ടതാണ്.

6. **മെറ്റീരിയൽ രജിസ്റ്റർ**

തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഭാഗമായി വരുന്ന സാധന സാമഗ്രികളുടെ വാങ്ങൽ, ഉപയോഗം , നീക്കിയിരിപ്പ് , ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപെടുത്തേണ്ടതാണ്.

പ്രസ്തുത രജിസ്റ്റർ കാണാൻ സാധിച്ചു. അതിൽ പ്രവൃത്തിയുടെ പേര് , ചെലവ് , വൗച്ചർ ബില്ല് , മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ , അതിന്റെ അളവ് , ആകെ തുക എന്നിവ കൊടുത്തിട്ടുണ്ട്.

# ഫയൽ സംബന്ധിച്ച വിവരങ്ങൾ

1.**കവർ പേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് കൊടുത്തിട്ടുണ്ട്. പ്രവൃത്തിയുടെ പേര് ,കാറ്റഗറി, പ്രവൃത്തി തുടങ്ങിയ ദിവസം, ചെലവ് എന്നിവ കാണാൻ സാധിച്ചിട്ടുണ്ട്.

### 2.ചെക്ക് ലിസ്റ്റ്

ഇരുപത് രേഖകളുള്ള പഴയ ചെക്ക് ലിസ്റ്റായിരുന്നു. അതിൽ പേജ് നമ്പർ കൊടുത്തിരുന്നില്ല.

### 3.ആക്ഷൻ പ്ലാൻ

ആക്ഷൻ പ്ലാനിൻറ പകർപ്പ് കാണാൻ സാധിച്ചു. അതിൽ പ്രവൃത്തിയുടെ പേര് രണ്ടാം വാർഡിൽ ഇടക്കേപ്പുറം ചൂട്ടാക്കിൽ നീർത്തടത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം എന്ന് വ്യക്തമായി കൊടുത്തിട്ടുണ്ട്.

### 4.എസ്റ്റിമേറ്റ്

അബ്സ്ട്രാറ്റ് ആൻഡ് ഡീറ്റെയ്ൽഡ്  എന്നിങ്ങനെ രണ്ടു തരം എസ്റ്റിമേറ്റുണ്ടായിരുന്നു. സെക്യുറിൽ നിന്ന് ലഭിക്കുന്ന വിശദമായ എസ്റ്റിമേറ്റായിരുന്നു. അതിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് , പണിയായുധ വാടക, അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ രേഖപെടുത്തിയിട്ടുണ്ട്.

ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് കാണാൻ സാധിച്ചില്ല.

### 5.സാങ്കേതിക അനുമതി

സാങ്കേതിക അനുമതിയിൽ ഓവർസിയർ , അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

### 6.ഭരണാനുമതി

ഫയൽ പരിശോധിച്ചപ്പോൾ ഭരണാനുമതിയുടെ പകർപ്പിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് കാണാൻ സാധിച്ചു.

### 7.കൺവെർജൻറ് ഫണ്ട്

പരിശോധിച്ച പ്രവൃത്തികൾ ഈ ഗണത്തിൽപ്പെട്ട പ്രവൃത്തികളല്ലാത്തതിനാൽ ഇതിന്റെ ആവശ്യമില്ല.

### 8.തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോം

ഫയൽ പരിശോധിച്ചപ്പോൾ തൊഴിൽ ആവശ്യപ്പെട്ടുള്ള ഫോം കാണാൻ സാധിച്ചു. അതിൽ തൊഴിലാളികളുടെ പേരും തൊഴിൽ കാർഡ് നമ്പറും ഒപ്പും രേഖപെടുത്തിയിട്ടുണ്ട്.

### 9.തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖ

തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖ കാണാൻ സാധിച്ചു.

### 10.മസ്റ്റർ റോൾ

പരിശോധിച്ച ഫയലിൽ 27 മസ്റ്റർ റോൾ കാണാൻ സാധിച്ചിട്ടുണ്ട്. അതിൽ 9840 എന്ന മസ്റ്റർ റോളിൽ  വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്.

മസ്റ്റർ റോൾ നമ്പർ 8234 ൽ ഷാർപ്പണിംഗ് ചാർജ്ജ് കോളത്തിൽ ചുവന്ന മഷിപ്പേന കൊണ്ട് വെട്ടിയിട്ടോള്ളതും കാണാൻ സാധിച്ചു.

### 11.മെഷർമെൻറ്ബുക്ക്

പണി പൂർത്തിയാകാതിരുന്നതിനാൽ എം.ബുക്ക് പൂർത്തിയായിട്ടില്ല.

12.സാധന സാമഗ്രഹികളുടെ വിവരങ്ങൾ

സാധന സമഗ്രഹികളുടെ വിവരങ്ങൾ ഈ പ്രവൃത്തിയിൽ ആവശ്യമില്ല .

13 വേജ് ലിസ്റ്റ്

- പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നു.

14 എഫ്ടിഒ

പരിശോധിച്ച ഫയലിൽ വേജ് ലിസ്റ്റ് പ്രകാരമുള്ള എഫ്ടിഒ ഉണ്ടായിരുന്നു.

15 .മറ്റീരിയൽ വൌച്ചർ, ബില്ലുകൾ

മറ്റീരിയൽ വൌച്ചർ ,ബില്ലുകൾ ആവശ്യമില്ല .

16 രസീറ്റ് ആൻഡ് റോയൽറ്റി

റോയൽറ്റിയുമായി ബന്ധപ്പെട്ടുള്ള രേഖകളൊന്നും ഫയലിൽ കാണാൻ സാധിച്ചില്ല .

17ഫോട്ടോഗ്രാഫ്സ്

പദ്ധതിയുടെ മൂന്നു ഘട്ടത്തിൽ ഉള്ള ഫോട്ടോസ് കാണാൻ സാധിച്ചു .

18 ഫയൽ ട്രാക്കിങ് ഫോം/മസ്റ്റർ റോൾ മൂവ്മെന്റ് സ്ലീപ്

ഫയൽ ട്രാക്കിങ്ഫോം .കാണാൻ സാധിച്ചില്ല

19 പ്രവർത്തി പൂർത്തീകരണ സെർറ്റിഫിക്കറ്റ്

പരിശോധിച്ച ഫയലിൽ പ്രവർത്തി പൂർത്തികരണ സെർറ്റിഫിക്കറ്റ് കാണാൻ സാധിച്ചില്ല

20 ,ജിയോടാഗ് ഫോട്ടോസ്

ജിയോടാഗ് ഫോട്ടോസ് പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നില്ല.

21 സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

പരിശോധിച്ച ഫയലിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർടിന്റെ പകർപ്പ് ഉണ്ടായിരുന്നില്ല.

22 സൈറ്റ് ഡയറി

പരിശോധിച്ച ഫയലിൽ സൈറ്റ് ഡയറി കാണാൻ സാധിച്ചിട്ടുണ്ട് .അതിൽ ചെക്ക് ലിസ്റ്റ് പൂർണമായും രേഖപ്പെടുത്തിയിട്ടുണ്ട് .വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയിൽ 7 പേര് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് . സന്ദർശക കുറിപ്പിൽ പേരും വിലാസവും രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമാറ്റിന്റെ തുക കാണിച്ചിടുണ്ട് .

.

## കണ്ടെത്തലുകൾ

- മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് സൂക്ഷിച്ചിട്ടുണ്ട്
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ട് [9840 ,8234]
- മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്ക് ഡിസ്‌പ്ലേ ബോർഡ് വചിട്ടില്ല
- പ്രവൃത്തിയുടെ എസ്റ്റിമേടിലും മേഷർമെന്റ് ബുക്കിലും
- ഭൂവുടമയുടെ പേരും സർവേ നമ്പരും നൽകിയിട്ടില്ല .
- തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ ലഭിക്കുന്നില്ല .
- സുരക്ഷാ മാർഗമയ ഷൂസും കൈയ്യുറയും നൽകിയിട്ടില്ലെന്ന് അറിയാൻ സാധിച്ചു .
- പ്രോജക്റ്റ് മീറ്റിങ് കൃത്യമായി നടത്താറുണ്ട് .
- ഫോട്ടോ സ്വന്തം ചെലവിൽ എടുക്കേണ്ടി വരുന്നു .

നിർദ്ദേശങ്ങൾ

- തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- മാസ്റ്റർ സർകുലർ പ്രകാരം നിദ്ദേശിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ് .

- ഫ്രണ്ട് ഓഫീസിൽ തൊഴിൽ അപേക്ഷകൾ സ്വീകരിക്കുകയും കൈപ്പറ്റ് രസീത് നല്കുകയും ചെയ്യേണ്ടതാണ് .
- പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക
- ജാഗ്രത മേൽനോട്ട സമിതി അംഗങ്ങളെ 6 മാസം കൂടുംബോള് മാറ്റി നിശ്ചയിക്കുക
- പ്രവൃത്തി സ്ഥലത്തു തണൽ സൌകര്യത്തിനുള്ള ടർപോളിൻ ഷീറ്റ് ലഭ്യമാക്കുക .
- മാസ്റ്റർ റോളിൽ തിരുത്തലുകൾ വരാതിരിക്കാൻ മേറ്റുമാർ ശ്രദ്ധിയ്ക്കുക .
- പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റ് പ്രവൃത്തി സ്ഥലങ്ങളിൽ ലഭ്യമാക്കുക

കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ വാർഡ് 2 ,കണ്ണപുരം ടൌൺ ദീപ്തി വായന ശാലയിൽ വച്ച് 311/0 19/നു 11 മണിക്ക് സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ നടത്തിയുടെ അടിസ്ഥാനത്തിൽമേലുള്ള ചർച്ച ൻപ്രകാരമുള്ള റിപ്പോർട്ടി അതിൻ. . ഗ്രാമ സഭ താഴെ പറയുന്ന തീരുമാനങ്ങളെടുത്തു

- എല്ലാ രേഖകളിലും ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുതുംബോള് തീയ്യതി ഉൾപ്പെടുത്തും .
- കുടിവെള്ളത്തിനുള്ള പാത്രം എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും .
- രേഖാമൂലം അപേക്ഷ തന്നാൽ പണി നൽകാനുള്ള സാഹചര്യം ഉണ്ടാക്കും .
- ചികിസ്സാ സഹായവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉത്തരവ് വന്നാൽ കാലതാമസം ഒഴിവാക്കും .
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വൈകുന്നതിന്റെ കാലതാമസം മാറ്റുന്നതിന് ക്വട്ടേഷന് മാറ്റി നല്കിയിട്ടുണ്ട്.
- മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലാതെ ശ്രദ്ധയോടെ കൈകാര്യം ചെയ്യും .
- കൈയ്യുറ ,കാലുറ എന്നിവ ലഭിക്കാൻ തൊഴിലാളികൾ അപേക്ഷിച്ചാൽ നടപടി എടുക്കും .
- മാസ്റ്റർ റോളിൽ മേഷർമെന്റ്ബുക്ക് നമ്പര് ഉൾപ്പെടുത്തും .